**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2840** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ റിവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ വിതരണ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) ഉൾപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് 10.92 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ റീ കണ്ടക്ടറിംഗ് പ്രവൃത്തി, 36.98 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ റീ കണ്ടക്ടറിംഗ് പ്രവൃത്തി എന്നിവക്കായി ആകെ 473 ലക്ഷം രൂപയുടെ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്. വിതരണ ശൃംഖലയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 100 കെ.വി.എ. വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, 1.2 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ ലൈൻ വലിക്കുന്ന പ്രവൃത്തി എന്നിവക്കായി ആകെ 26.72 ലക്ഷം രൂപയുടെ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ 2990.47 ലക്ഷം രൂപയുടെ അഡീഷണൽ പ്രൊപ്പോസലുകൾ ആർ.ഡി.എസ്.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രസരണ വിഭാഗത്തിന് കീഴിൽ, വൈപ്പിൻ മണ്ഡലത്തിലെ ചെറായി സബ്സ്റ്റേഷനിൽ ഒരു 110/33 കെ.വി 16 MVA ട്രാൻസ്ഫോർമറും, 33 കെ.വി ഫീഡർ ബേയും, അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് അവിടെ നിന്നും 8 കീ.മി 33 കെ.വി കവേർഡ് കണ്ടക്ടർ ലൈൻ വലിച്ച് മുനമ്പം ഫിഷിങ് ഹാർബറിൽ ഒരു 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി RDSS പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു ഏതാണ്ട് 7 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ട പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറക്ക് പദ്ധതി നിർമ്മാണം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | വൈപ്പിൻകരയിലെ ഏക സംസ്ഥാനപാതയായ വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ വീതികുറവും പ്രസ്തുത റോഡിന്റെ വശങ്ങളിൽ സുഗമമായ ഗതാഗതത്തിന് തടസവും ജനങ്ങളുടെ ജീവന് ഭീഷണിയുമാവുന്ന രീതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ വശങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ പദ്ധതികൾ ഒന്നും നിലവിലില്ല. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ തുക അടയ്ക്കുന്ന പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. പുതുവൈപ്പിനിൽ PWD ആവശ്യപ്പെട്ട അഞ്ചോളം പോസ്റ്റുകൾ മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ